# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2006 07/12/2015-ൽ മറുപടിയ്ക്ക്

### തവനൂർ മണ്ഡലത്തിലെ മത്സ്യഗ്രാമം പദ്ധതി

**ചോദ്യം**

**ഡോ. കെ. ടി. ജലീൽ:**

**മറുപടി**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

എ) മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തവനൂർ മണ്ഡലത്തിലെ മംഗലം പഞ്ചായത്തിൽ പ്രവൃത്തി നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

എ) 2014-15 സാമ്പത്തിക വർഷത്തിൽ സംയോജിത മത്സ്യഗ്രാമ വികസനപദ്ധതിയിലുൾപ്പെടുത്തി തവനൂർ മണ്ഡലത്തിലെ മംഗലം പഞ്ചായത്തിലെ കൂട്ടായി മത്സ്യഗ്രാമത്തിൽ 1.98 കോടി രൂപയുടെ പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് തുക സഹിതം വിശദമാക്കുമോ;

ബി) സംയോജിത മത്സ്യഗ്രാമ വികസനപദ്ധതിയിലുൾപ്പെടുത്തി തവനൂർ മണ്ഡലത്തിലെ മംഗലം പഞ്ചായത്തിലെ കൂട്ടായി മത്സ്യഗ്രാമത്തിൽ 1.98 കോടി രൂപയുടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

| | | |
|---|---|---|
| കുടിവെള്ള പദ്ധതി | - | 110.00 ലക്ഷം രൂപ |
| വൈദ്യുതീകരണം | - | 30.24 ലക്ഷം രൂപ |
| ഹൈമാസ്റ്റ്ലൈറ്റ് സ്ഥാപിക്കൽ | - | 16.00 ലക്ഷം രൂപ |
| ജീവനോപാധി സഹായം | - | 41.60 ലക്ഷം രൂപ |

സി) പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും, പ്രവൃത്തി എന്നത്തേയ്ക്ക് തുടങ്ങാൻ സാധിക്കുമെന്നും എന്ന് പൂർത്തിയാക്കാനും കഴിയുമെന്നും വ്യക്തമാക്കാമോ?

സി) പദ്ധതികളെല്ലാം ആരംഭിച്ചുകഴിഞ്ഞു. കുടിവെള്ള പദ്ധതി, വൈദ്യുതീകരണം, ഹൈമാസ്റ്റ് ലൈറ്റ് എന്നിവ കരാർ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്. ജീവനോപാധി സഹായത്തിനുള്ള അർഹരായ ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് അതാത് മത്സ്യഭവൻ ഓഫീസുകളിൽ പരാതികൾ ഉണ്ടെങ്കിൽ സമർപ്പിക്കുന്നതിനായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | അടങ്കൽ തുക | പദ്ധതി പുരോഗതി |
|---|---|---|---|
| 1 | **കൂട്ടായി മത്സ്യഗ്രാമം** കുടിവെള്ള പദ്ധതി | 110.00 ലക്ഷം രൂപ | വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വച്ച് ഫണ്ട് കൈമാറി |
| 2 | വൈദ്യുതീകരണം | 30.24 ലക്ഷം രൂപ | കെ.എസ്.ഇ.ബിയുമായി എഗ്രിമെന്റ് വച്ച് ഫണ്ട് കൈമാറി |
| 3 | ഹൈമാസ്റ്റ് ലൈറ്റ് | 16.00 ലക്ഷം രൂപ | ടെണ്ടർ പൂർത്തീകരിച്ചു |
| 4. | ജീവനോപാധി സഹായം | 41.60 ലക്ഷം രൂപ | പദ്ധതി പുരോഗമിക്കുന്നു |

**സെക്ഷൻ ആഫീസർ**